Malankara Orthodox TV

മലങ്കരസഭാ ഭരണഘടന കെട്ടിയിറക്കിയതല്ല

ഡോ. എം. കുര്യൻ തോമസ്

1947ഓഗസ്റ്റ് 15-ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചു. തുടർന്ന് രാജ്യത്തിന് ഒരു ഭരണഘടന എഴുതിയുണ്ടാക്കാൻ ഡോ. ബി. ആർ. അംബേദ്കർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമിതി (Constituent Assembly of India) നിയമിച്ചു. ഒട്ടേറെ ചർച്ചകൾക്കും വാദപ്രതിവാദങ്ങൾക്കുമൊടുവിൽ അവർ രൂപപ്പെടുത്തിയ ഇന്ത്യൻ ഭരണഘടന കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി 1949 നവംബർ 26-ന് അംഗീകരിച്ചു. 1950 ജനുവരി 26-ന് പ്രാബല്യത്തിൽ വന്ന ഇന്ത്യൻ ഭരണഘടനയക്ക് 2019 മാർച്ച് വരെ 103 ഭേദഗതികൾ ഉണ്ടായിട്ടുണ്ട്.

സമാനമായ, ഇതിലും കാലദൈർഘ്യമുള്ള ഒരു ചരിത്രമാണ് മലങ്കരസഭാ ഭരണഘടനാ നിർമ്മാണ പ്രക്രിയയ്ക്കുള്ളത്. മലങ്കരസഭയുടെ അടിസ്ഥാന നിയമമായി 1889-ൽ സെമിനാരിക്കേസിലെ റോയൽകോർട്ടു വിധിയിലും വട്ടിപ്പണക്കേസ് അന്തിമ വിധിയിലും അംഗീകരിച്ചിരുന്ന 1876-ലെ മുളന്തുരുത്തി സുന്നഹദോസിന്റെ കാനോനാകളുടെ അടിസ്ഥാനത്തിലാണ് മലങ്കരസഭാ ഭരണഘടനാ നിർമ്മാണ പ്രക്രിയ നിവർത്തിച്ചത്.

1930 സെപ്റ്റംബർ 4-ന് കോട്ടയം പഴയസെമിനാരിയിൽ കൂടിയ മലങ്കര അസോസിയേഷൻ 17 അംഗങ്ങളുള്ള ഒരു ഭരണഘടനാ നിർമ്മാണ കമ്മിറ്റിയെ തിരഞ്ഞെടുത്തു. പൂതകുഴിയിൽ എബ്രഹാം കത്തനാർ, പാറേട്ട് മാത്യൂസ് കത്തനാർ, റ്റി. വി. ജോൺ കത്തനാർ, എൻ. ജി. കുറിയാക്കോസ് കത്തനാർ, ചെറിയമഠത്തിൽ സ്കറിയാ മല്പാൻ, ഇ. ജെ. ജോൺ, കെ. സി. മാമ്മൻ മാപ്പിള, എ. എം. വർക്കി, സി. പി. തരകൻ, സി. റ്റി. ഈപ്പൻ, ഒ. എം. ചെറിയാൻ, പത്രോസ് മത്തായി, റ്റി. ജോസഫ്, ജേക്കബ് കുര്യൻ, കെ. റ്റി. മാത്യു, പി. റ്റി. ഈപ്പൻ, ഇ. ജെ. പീലിപ്പോസ് എന്നിവർ അംഗങ്ങളും അവരിൽ റാവുസാഹിബ് ഒ. എം. ചെറിയാൻ കൺവീനറുമായിരുന്നു.

പക്ഷേ ഭരണഘടനാ നിർമ്മാണ കമ്മിറ്റിയുടെ പ്രവർത്തനം സുഗമമല്ലായിരുന്നു. ഒ. എം. ചെറിയാൻ എഴുതിയുണ്ടാക്കിയ ഒരു നക്കൽ ഭരണഘടനയെ അടിസ്ഥാനപ്പെടുത്തി വാദപ്രതിവാദം നടത്തണമെന്നു കമ്മിറ്റിക്കാർ ആദ്യമെ തീരുമാനിച്ചു. അതനുസരിച്ച് തിരുവനന്തപുരം പള്ളിയിൽ രണ്ടുമൂന്നു പ്രാവശ്യം പല ദിവസങ്ങളിലായി കമ്മിറ്റി കൂടിയെങ്കിലും സമവായത്തിലെത്താൻ സാധിച്ചില്ല എന്നു മാത്രമല്ല, കമ്മിറ്റിയിൽ വ്യക്തമായ മെത്രാധിപത്യ - ജനാധിപത്യ ആഭിമുഖ്യമുള്ള രണ്ടു കക്ഷികൾ രൂപപ്പെടുകയും ചെയ്തു. വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നിവയൊഴികെ, മുഖ്യമായും ധനപരമായ വിഷയങ്ങൾ, മെത്രാന്മാരുടെയും കത്തനാരുമാരുടെയും അവൈദികരുടേയും പ്രതിനിധികൾ അടങ്ങുന്ന കമ്മിറ്റിക്ക് ആയിരിക്കണമെന്ന് ജനാധിപത്യവാദികളും മറിച്ച്, എല്ലാ അധികാരവും മെത്രാന്മാർക്കും എപ്പിസ്ക്കോപ്പൽ സുന്നഹദോസിനും ആയിരിക്കണമെന്നു മെത്രാധിപത്യവാദികളും നിർദ്ദേശിച്ചു. ഇരുകൂട്ടരും തങ്ങളുടെ നിലപാടുകളിൽ ഉറച്ചു നിന്നതോടെ ഭരണഘടനാ നിർമ്മാണം ഏതാണ്ട് സ്തംഭനാവസ്ഥയിലെത്തി.

ഇതിനിടയിൽ 1107 മിഥുനം 9 (22 ജൂൺ 1932) മുതലുള്ള ലക്കങ്ങളിൽ *കേരള കേസരി* എന്ന മുദ്രിത മാധ്യമം ഭരണഘടനാ നിർമ്മാണ ശ്രമങ്ങളെപ്പറ്റിയുള്ള പ. വട്ടശ്ശേരിൽ തിരുമേനിയുടെ അഭിപ്രായങ്ങളും അദ്ദേഹത്തിന്റെ ഭരണഘടനാ നിർദ്ദേശങ്ങളും പ്രസിദ്ധപ്പെടുത്തി. അവയിൽ മലങ്കരസഭയും അന്ത്യോഖ്യാ പാത്രിയർക്കീസുമായുള്ള ബന്ധം വ്യക്തമാക്കുന്ന വകുപ്പുകൾ ഉദ്ധരിക്കുന്നത് വർത്തമാനകാല സാഹചര്യത്തിൽ തികച്ചും പ്രസക്തമാണ്:

> 3. ക്രിസ്തീയ സഭകൾ ഓരോ കാരണങ്ങളാൽ തമ്മിൽ വേർപിരിഞ്ഞതിന്റെ ശേഷം നമ്മുടെ സഭയ്ക്ക് അബ്സീനിയർ ഉൾപ്പെടെയുള്ള ഈഗുപ്തായ സഭയോടും അർമ്മേനിയൻ സഭയോടും കമ്യൂണിയനും അന്ത്യോഖ്യായുടെ സിറിയൻ ഓർത്തഡോക്സ് സഭയുടെ പാത്രിയർക്കീസിന്റെ അധികാരത്തിൽപ്പെട്ട അന്ത്യോഖ്യൻ ഓർത്തഡോക്സ് സിറിയൻ സഭയുമായി കമ്യൂണിയൻ മാത്രമല്ല, കമ്യൂണിയനേക്കാൾ കൂടുതൽ സംബന്ധവുമുള്ളതാണ്.
>
> 4. നമ്മുടെ സഭയ്ക്കുള്ള സ്വാതന്ത്ര്യത്തെ നഷ്ടപ്പെടുത്താത്തവിധത്തിൽ മേൽപറഞ്ഞ സഭകളുമായുള്ള കമ്യൂണിയനും സംബന്ധവും കഴിവുള്ളപക്ഷം മേലാലും പാലിക്കപ്പെടേണ്ടതാണ്.
>
> 5. നമ്മുടെ സഭയുടെ വിശ്വാസാചാര നിർമ്മലതയും സ്വാതന്ത്ര്യവും മേലാലും വിഘ്നം കൂടാതെ സംരക്ഷിക്കുന്നതിനു വേണ്ടി മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ അന്ത്യോക്യയുടെ അക്കാലത്തെ കാനോനിക പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തോടും സഹകരണത്തോടും മലങ്കരസമുദായത്തിന്റെ ആനുകൂല്യം, അംഗീകരണം, ആഹ്ലാദകരമായ സഹകരണം എന്നിവയോടും കൂടെ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ എപ്പിസ്ക്കോപ്പൽ സിനഡിനാൽ ആരോഹണം

ചെയ്തു സ്ഥാപിക്കപ്പെട്ട പൗരസ്ത്യ കാതോലിക്കാ സിംഹാസനവും കാതോലിക്കാ സ്ഥാപനവും എന്തെല്ലാം പ്രയാസങ്ങളും നഷ്ടങ്ങളും സഹിക്കേണ്ടി വന്നാലും അതുകളെ ഒക്കെ സഹിച്ചു നിലനിർത്തിക്കൊണ്ടു പോകേണ്ടത് നമ്മുടെ കടമയാണ്. ഈ നമ്മുടെ കടമ നിവർത്തിക്കുന്നതു സൗകര്യംപോലെ പിന്നാലെ ആയിക്കൊള്ളാമെന്നു വച്ചു ദീർഘതയിൽ ഇടാവുന്നതല്ല. ഇപ്പോൾ തന്നെ പ്രവർത്തിക്കേണ്ടത് പലതുണ്ട്.



6. അന്ത്യോക്യാ സിംഹാസനവുമായുള്ള ബന്ധം നിലനിറുത്തിയാലും നമ്മുടെ സ്ഥാനാഭിഷേകം, മൂറോൻ കൂദാശ മുതലായ കൂദാശകൾ പാത്രിയർക്കീസിന്റെ സംബന്ധമൊ അനുവാദമൊ സഹകരണമോ കൂടാതെ നടത്താവുന്നതാണ്. അങ്ങിനെ കൂദാശകൾക്ക് പാത്രിയർക്കീസിന്റെ സംബന്ധം ഇല്ലാതിരുന്നാൽ പൂർണ്ണത ഇല്ലെന്നും അതുമൂലം ആത്മവരം മുതലായതു ലഭിക്കുന്നതല്ലെന്നും മറ്റും പ്രസ്താവിച്ച് പരമാർത്ഥികളായ ജനങ്ങളിൽ കപടഭക്തി വർദ്ധിപ്പിക്കുകയും സഭയിൽ ഇടർച്ചകളും കുഴപ്പങ്ങളും ഉണ്ടാക്കിതീർക്കയും ചെയ്യുന്നുണ്ട്. നമ്മുടെ ഈ സഭയിൽ നാട്ടുമെത്രാൻ ഉണ്ടായി തുടങ്ങിയതു മുതൽ വല്ല കാരണത്താലും നാട്ടുമെത്രാന്മാരുടെ എതിരാളികളായി ത്തീർന്നവർ ഇതുവരെ കുഴപ്പമുണ്ടാക്കിയിട്ടുള്ളതൊക്കെയും മേൽ വിവരിച്ച കപടഭക്തി പ്രദർശിപ്പിച്ചും അതിനെ അടിസ്ഥാനപ്പെടുത്തിയുമാണെന്നു നമ്മുടെ സഭയുടെ ചരിത്രം ഏകദേശമായിട്ടെങ്കിലും അറിയാവുന്നവർ സമ്മതിക്കാതിരിക്കയില്ല. അതിനാൽ അന്ത്യോക്യാ പാത്രിയർക്കീസിന്റെ സിംഹാസനത്തിനും, ആ സിംഹാസനത്തിൻകീഴിൽ ശീമയിലുള്ള നമ്മുടെ സഹോദരസഭയ്ക്കും ലൗകികമായ സഹായം, ആശ്വാസം, ബഹുമാനം എന്നിങ്ങനെയുള്ളവയിൽ മാത്രം സംബന്ധമുണ്ടായിരിപ്പാൻ തക്കവണ്ണം കരുതി പ്രവർത്തിക്കേണ്ടതും അതുകൾക്ക് സ്ഥിരമായ ഒരു അതിർത്തി നിർണ്ണയിക്കേണ്ടതുമാണ്.

7. നമ്മുടെ പൗരസ്ത്യ സിംഹാസനത്തിന്റെ അധികാരസീമ ഇൻഡ്യയും അതിന്റെ സമീപമുള്ള ദ്വീപുകളും നമ്മുടെ മിഷൻവേലയുടെ ഫലമായി അന്യദേശങ്ങളിൽ സഭകൾ ഉണ്ടായാൽ അവകളും ആയിരിക്കണം. ഈ നമ്മുടെ സിംഹാസനത്തിന്റെ അധികാരസീമയ്ക്കുള്ളിൽ പാത്രിയർക്കാ സിംഹാസനത്തിൽ നിന്നു നേരിട്ടു ഭരിപ്പാൻ തക്കവണ്ണം പള്ളികളോ സഭകളൊ സ്ഥാപിക്കയൊ ഈ സഭാംഗങ്ങളെ അതിലേക്കു ചേർക്കുകയോ ചെയ്യുന്നതിന് അനുവദിച്ചുകൂടാ. അതിന് എതിരായി പാത്രിയർക്കീസ് പ്രവർത്തിക്കുന്നപക്ഷം ആ സിംഹാസനവുമായി ഉള്ള ലൗകികബന്ധവും കൂടെ പിരിയുവാൻ തക്കവണ്ണവുമായിരിക്കണം. കുന്നംകുളം മുതലായ സ്ഥലങ്ങളിൽ സിംഹാസനപ്പള്ളി എന്നും മറ്റും പറഞ്ഞു ശീമക്കാർ ചിലതൊക്കെ സ്ഥാപിച്ചു വരുന്നതിനാലും, അങ്ങുമിങ്ങും പട്ടംകൊടുത്തു കക്ഷി ഉണ്ടാക്കുന്നതിനാലുമത്രെ അതുകളെ മനസ്സിൽ വച്ചുകൊണ്ട് അധികാരസീമയെ സംബന്ധിച്ച് ഇത്രയും പറഞ്ഞത്.

8. പാത്രിയർക്കാ സിംഹാസനവും കാതോലിക്കാ സിംഹാസനവും തമ്മിലുള്ള സംബന്ധം പാലിക്കുന്നതിന് ആവശ്യപ്പെടുന്ന എഴുത്തുകുത്തുകൾ പാത്രിയർക്കീസും കാതോലിക്കോസും തമ്മിലും അവരിൽ ആരെങ്കിലും കാലം ചെയ്തു പിൻഗാമിയെ നിയമിക്കുന്നതുവരെയുള്ള കാലത്തു കാര്യാന്വേഷണത്തിനായി പകരം നിയമിക്കപ്പെടുന്ന ആളുകൾ തമ്മിലും നടത്തേണ്ടതും, അവരവരുടെ സഭയെ അറിയിപ്പാനുള്ളത് അവർ മുഖാന്തരം അറിയിക്കാവുന്നതുമാണ്.

പക്ഷേ ഈ കരടു ഭരണഘടന ജനാധിപത്യ വാദികളെ തൃപ്തിപ്പെടുത്തിയില്ല. റോമൻ രീതിയിലുള്ള എപ്പിസ്ക്കോപ്പൽ സമഗ്രാധിപത്യത്തെ അവർ പല്ലും നഖവുമുപയോഗിച്ച് എതിർത്തു. തുടർന്ന് ഇരു വിഭാഗവും തങ്ങളുടെ വാദമുഖങ്ങൾ പ്രത്യേകം എഴുതി തയാറാക്കി അസോസിയേഷനിൽ സമർപ്പിക്കണമെന്ന ധാരണയിലെത്തിയെങ്കിലും മെത്രാധിപത്യ വാദികൾ അപ്രകാരം ചെയ്തില്ല.

അതേ സമയം ജനാധിപത്യ വാദികളായ റ്റി. ജോസഫ്, ജേക്കബ് കുര്യൻ, പി. റ്റി. ഈപ്പൻ, പത്രോസ് മത്തായി, കെ. റ്റി. മാത്യു എന്നിവർ തങ്ങളുടെ അഭിപ്രായവും തങ്ങൾ നിർദ്ദേശിക്കുന്ന കരടു ഭരണഘടനയും അച്ചടിച്ചു പ്രസിദ്ധീകരിച്ചു. പരമ്പരാഗതമായ മലങ്കര മെത്രാൻ സ്ഥാനം നിർത്തലാക്കി ആ അധികാരങ്ങൾ കാതോലിക്കായിൽ ലയിപ്പിക്കണമെന്ന മാർ ദീവന്നാസ്യോസിന്റെ നിർദ്ദേശം ജനാധിപത്യ വാദികൾക്ക് സ്വീകാര്യമല്ലായിരുന്നു. ജനാധിപത്യവാദികളുടെ നക്കൽ ഭരണഘടനയിൽ കാതോലിക്കാ, പാത്രിയർക്കീസ് എന്നിവരെപ്പറ്റിയുള്ള പരാമർശനങ്ങളും ഇന്ന് പ്രസക്തമാണ്.

4. കാതോലിക്കോസ്

73. മലങ്കര സുന്നഹദോസിനാൽ തിരഞ്ഞെടുക്കപ്പെടുന്ന ആളിനെ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് കാതോലിക്കോസായി ആരോഹണം ചെയ്യേണ്ടതാണ്.

74. മലങ്കരസഭയുടെ ആത്മീയ മേലന്വേഷണം കാതോലിക്കോസിന്റെ ശ്രേഷ്ടകർമ്മമാണ്. ...

5. പാത്രിയർക്കീസ്

75. പാത്രിയർക്കീസിന് കാതോലിക്കോസിന്റെ സംസ്ഥാനത്തുള്ള കാനോനികാവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.



ചുരുക്കത്തിൽ ഭരണഘടനാ നിർമ്മാണവേളയിൽ ഒരിക്കലെങ്കിലും ജനാധിപത്യ വാദികളോ മെത്രാധിപത്യ വാദികളോ കാതോലിക്കായിൽ കേന്ദ്രീകൃതമായ മലങ്കരസഭയുടെ ആത്മീയ ഭരണ സംവിധാനം പാത്രിയർക്കീസിനു തീറെഴുതുന്ന കാര്യം ചിന്തിച്ചിട്ടു പോലുമില്ലെന്നു വ്യക്തം.

ഇതിനിടെ 1108 വൃശ്ചികം 15-ന് (1932 നവംബർ 30) റാവു സാഹിബ് ഒ. എം. ചെറിയാൻ കരടു ഭരണഘടന അച്ചടിച്ചു. പിറ്റേന്ന് ഒരു കത്തോടെ സഭയിലെ അനേക പ്രമുഖർക്ക് അഭിപ്രായമാരാഞ്ഞുകൊണ്ട് അയച്ചുകൊടുത്തു. ഈ കത്തിലെ പ്രസക്ത ഭാഗം താഴെ പറയുംപ്രകാരമാണ്.

> ... ഈ കമ്മിറ്റി മെമ്പറന്മാർ പലപ്രാവശ്യം തിരുവനന്തപുരത്തു കൂടുകയും, മിസ്റ്റർ ചെറിയാൻ എഴുതിത്തീർത്തിരുന്നതും മുൻ ഘടനക്കമ്മിറ്റി മെമ്പറന്മാർ വിമർശനം ചെയ്തതും ആയ ലഘുഗ്രന്ഥത്തെ ആധാരമാക്കി വീണ്ടും വിമർശനം നടത്തുകയും ചെയ്തു. സാരമായ ഏതാനും തത്വങ്ങളെക്കുറിച്ച് യോജിക്കുവാൻ നിവൃത്തി ഇല്ലാതെ വന്ന കമ്മിറ്റി അംഗങ്ങൾ, വിമർശനവിഷയമായ നക്കൽ ഘടനയിൽപെട്ട പല വകുപ്പുകളെക്കുറിച്ച് പ്രായേണ രണ്ടു കക്ഷികളായി പിരിഞ്ഞു. 1108 ചിങ്ങം 28-ാം തീയതി കോട്ടയം സിമ്മനാരിയിൽ കൂടുവാൻ നിശ്ചയിക്കപ്പെട്ടിരുന്ന മലങ്കര മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിൽ, ഘടനകമ്മിറ്റിയിൽപ്പെട്ട രണ്ടു കക്ഷികൾ പ്രത്യേകം പ്രത്യേകം അച്ചടിപ്പിച്ചിരുന്ന റിപ്പോർട്ടുകൾ സമർപ്പിക്കുമെന്നുള്ള ദിക്കായി. എന്നാൽ അങ്ങനെയല്ല നടന്നത്. മലങ്കര മാനേജിംഗ് കമ്മിറ്റി കൂടുന്നതിന്റെ തലേന്ന്, ഘടനകമ്മിറ്റി മെമ്പറന്മാർ കോട്ടയം എം. ഡി. സിമ്മനാരിയിൽ യോഗം കൂടി, ദീർഘമായ വാദപ്രതിവാദത്തിന്റെ ശേഷം തത്വങ്ങളെ സംബന്ധിച്ചു പ്രായേണ ഏകമതം സ്വീകരിക്കുകയും, ഘടനക്രമത്തിന്റെ വകുപ്പുകളെ ഏകരീതിയിൽ എഴുതാമെന്ന് ആശയ്ക്ക് മാർഗ്ഗം തുറക്കുകയും ചെയ്തു. ഘടനക്കമ്മിറ്റി മെമ്പറന്മാർ യോജിച്ചു സ്വീകരിച്ച തത്വങ്ങൾ ഇന്നവയാണെന്നും, മാനേജിംഗ് കമ്മിറ്റി അനുകൂലിക്കുന്നപക്ഷം അവ അനുസരിച്ച് ഘടനക്രമത്തിനു നക്കൽ എഴുതി താമസിയാതെ ഹാജരാക്കാമെന്നും, മലങ്കര മാനേജിംഗ് കമ്മിറ്റിയുടെ യോഗത്തിൽ ഘടനകമ്മിറ്റിക്കാർ ഏകാഭിപ്രായമായി പ്രസ്താവിച്ചു. മലങ്കര മാനേജിംഗ് കമ്മിറ്റി യോഗത്തിൽ 23-ാം തീയതിയും പിറ്റേന്ന് ഉച്ചവരെയ്ക്കും വാദം നടന്നതിന്റെ ഫലമായി - തത്വങ്ങളെ സംബന്ധിച്ച് പ്രായേണ എല്ലാവരും യോജിക്കുകയും, ഏകാഭിപ്രായം രൂപപ്പെടുകയും ചെയ്തു. ആ തത്വങ്ങൾ അനുസരിച്ച്, ഘടനകമ്മിറ്റിക്കാർ ആവശ്യമായ വകുപ്പുകൾ ചേർത്ത് ഘടനക്രമം വീണ്ടും എഴുതണമെന്നും, ഘടനക്കമ്മിറ്റിയിൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കൂടെയും അംഗമായിരിക്കണമെന്നും, മാനേജിംഗ് കമ്മിറ്റി തീരുമാനിച്ചു. ആ തീരുമാനം അനുസരിച്ച് ഘടനക്കമ്മിറ്റി വീണ്ടും തിരുവനന്തപുരത്തു കൂടുകയും, സന്നിഹിതന്മാരായ മെമ്പറന്മാർ, ഭരണക്രമം ഏകാഭിപ്രായമായി പാസ്സാക്കുകയും ചെയ്തു. അങ്ങനെ പാസ്സായ ഭരണക്രമമാണ് താഴെ ച്ചേർക്കുന്നത്. ഘടനക്കമ്മിറ്റിയിൽ അംഗമാണെന്നുള്ള നിലയ്ക്ക് നിങ്ങൾക്ക് ഈ ലഘു ഗ്രന്ഥത്തിന്റെ ഒരു പ്രതി ഞാൻ അയച്ചുകൊള്ളുന്നതാണ്. മാനേജിംഗ് കമ്മിറ്റി മെമ്പറന്മാർക്കും, വേറെ യുക്തമെന്നു തോന്നുന്നവർക്കും അയച്ചുകൊടുക്കുവാൻ വേണ്ട പദ്ധതികൾ, ഞാൻ മാനേജിംഗ് കമ്മിറ്റി സെക്രട്ടറി മിസ്റ്റർ കെ. കെ. തോമസിന് അയച്ചുകൊടുക്കുന്നുമുണ്ട്.

വിശ്വാസം, പട്ടത്വം, അച്ചടക്കം എന്നിവ പൂർണ്ണമായും എപ്പിസ്ക്കോപ്പസിയുടെ നിയന്ത്രണത്തിലാക്കുകയും പൊതുവായ ഇതര കാര്യങ്ങളിൽ ജനത്തിന് നിർണ്ണയാധികാരവും എന്നാൽ എപ്പിസ്ക്കോപ്പസിക്ക് മേൽക്കൈയും ഉള്ള ഒരു സമവായ സംവിധാനമാണ് ഒ. എം. ചെറിയാൻ കരടു ഭരണഘടനയിൽ നിർദ്ദേശിച്ചത്. പക്ഷേ ഇതുകൊണ്ടൊന്നും മഞ്ഞ് ഉരുകിയില്ല. മെത്രാധിപത്യ വാദികൾ അവരുടെ സമഗ്രാധിപത്യ ന്യായത്തിൽ ഉറച്ചു നിൽക്കു



ഇ. ജെ. ജോൺ വക്കീൽ, കെ. സി. മാമ്മൻമാപ്പിള, റാവുസാഹിബ് ഒ. എം. ചെറിയാൻ, എം. എ. ചാക്കോ, എ. എം. വർക്കി

കയും ജനാധിപത്യ വാദികൾ അതു വകവെച്ചു കൊടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിന് ഒ. എം. ചെറിയാന്റെ ഈ സന്തുലിത കരടുപോലും അയവുണ്ടാക്കിയില്ല. ചുരുക്കത്തിൽ ഭരണഘടനാ നിർമ്മാണം വീണ്ടും അനന്തമായി നീണ്ടു.

ഒ. എം. ചെറിയാന്റെ കരട് ഭരണഘടനയിൽ പാത്രിയർക്കീസുമായുള്ള ബന്ധം നിർവചിച്ചിരിക്കുന്നത് താഴെ പറയുംപ്രകാരമാണ്.

1. പൌരസ്ത്യ സുറിയാനി (ഓർത്തഡോക്സ്) സഭ ആകെയുള്ള ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗവും സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പാത്രിയർക്കീസും ആകുന്നു.

2. മലങ്കര സുറിയാനി (ഓർത്തഡോക്സ്) സഭ, പൗരസ്ത്യസുറിയാനി ഓർത്തഡോക്സ് സഭയിൽ ഉൾപ്പെട്ടതും പൌരസ്ത്യ സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും ആകുന്നു.

1934 ഫെബ്രുവരി 23-ന് പ. വട്ടശ്ശേരിൽ തിരുമേനി കാലംചെയ്തു. അദ്ദേഹവും, പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കായും മെത്രാധിപത്യ വാദികളായിരുന്നുവെന്ന് മഹാ ചരിത്രകാരനായ ഇസ്സഡ്. എം. പാറേട്ട് പറയുന്നു. പ. വട്ടശ്ശേരിൽ തിരുമേനിയുടെ കാലശേഷം ആ വർഷം അന്ത്യോഖ്യാ പാത്രിയർക്കീസിനെ സന്ദർശിക്കാൻ പ. ഗീവർഗീസ് ദ്വിതീയൻ നടത്തിയ ഹോംസ് യാത്രയാണ് മഞ്ഞ് ഉരുക്കിയതെന്ന് അദ്ദേഹം രേഖപ്പെടുത്തുന്നു:

> ... ശക്തനായ ഗീവറുഗീസ് ദീവന്നാസ്യോസ് *എപ്പിസ്ക്കോപ്പൽ തത്ത്വം* എന്നതിൽ ഉറച്ചുനിന്നു. ഭരണകാര്യങ്ങളിൽ - പണക്കാര്യങ്ങളിൽപ്പോലും - അയ്മേനികൾക്കു പ്രവേശനം കൊടുക്കുന്നതിനോട് അദ്ദേഹത്തിന് എതിർപ്പുണ്ടായിരുന്നു. മാനേജിംഗ് കമ്മിറ്റിയിലും മറ്റും ഉരസലുകൾ ഉണ്ടായിട്ടും അദ്ദേഹം തന്റെ നിലയിൽ മാറ്റം വരുത്താൻ കൂട്ടാക്കിയില്ല. കാതോലിക്കോസിന്റെ ഹോംസ് യാത്ര വിഫലമായതോടു കൂടി ആ വക സംഗതികളിൽ പെട്ടെന്നു മാറ്റം സംഭവിച്ചു. സ്ഥിതിഗതികൾക്കുണ്ടായ മാറ്റത്തേക്കാൾ അധികം ആ മാറ്റത്തിന് സ്വാധീനം ചെലുത്തിയത് അദ്ധ്യക്ഷസ്ഥാനത്തുവന്ന മാറ്റമാണെന്നുള്ളതിൽ സംശയമില്ല. ഭരണകാര്യങ്ങളിൽ അയ്മേനികൾക്കു കൂടുതൽ പങ്കു കൊടുക്കണമെന്നുള്ള ബോധം മേല്പട്ടക്കാരുടെ സുന്നഹദോസിന് ഉണ്ടായി. അവർ സമ്മതിച്ചതുകൊണ്ടോ, ജനപ്രതിനിധികൾ കൈ കേറ്റിക്കുത്തിയതുകൊണ്ടോ എന്തുമാവട്ടെ, അതു മാനേജിംഗ് കമ്മിറ്റിയിൽ പ്രകടമായി. ധനപരമായ സംഗതികളിൽ സുന്നഹദോസും മാനേജിംഗ് കമ്മിറ്റിയും രണ്ടു ഘടകങ്ങളായി ഗണിക്കപ്പെടുക; പണക്കാര്യത്തിൽ അവ രണ്ടും യോജിച്ചു ചെയ്യുന്ന തീരുമാനങ്ങൾ മാത്രം നടപ്പിൽ വരുത്തുക എന്നൊരു ധാരണയിൽ എത്തിച്ചേർന്നു. ...

മലങ്കര മെത്രാപ്പോലീത്താ സ്ഥാനം നിർത്തൽ ചെയ്ത് ആ അധികാരങ്ങൾ കാതോലിക്കായിൽ ലയിപ്പിക്കണമെന്നായിരുന്നു മാർ ദീവന്നാസ്യോസിന്റെയും മെത്രാധിപത്യ വാദികളുടെയും താൽപ്പര്യം. പക്ഷേ ചരിത്രപരമായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം ഇല്ലാതാക്കുന്നത് ജനാധിപത്യവാദികൾക്ക് സമ്മതമല്ലായിരുന്നു. ഈ സാഹചര്യത്തിൽ ഇരു സ്ഥാനങ്ങളും നിലനിർത്തുകയും പക്ഷേ ഒരേ വ്യക്തി തന്നെ അവ വഹിക്കുകയും ചെയ്യുന്ന ഒരു സംവിധാനം രൂപപ്പെടുത്തി ഇരുകൂട്ടരേയും തൃപ്തിപ്പെടുത്തുന്നതിൽ ഒ. എം. ചെറിയാൻ വിജയിച്ചു.

തുടർ സംഭവവികാസങ്ങളുടെ വ്യക്തമായ രേഖ 1934 ഡിസംബർ 26-ന് മലങ്കരസഭാ ഭരണഘടന പാസാക്കിയ എം. ഡി. സെമിനാരി അസോസിയേഷന്റെ മിനിട്ട്സ് ആണ്. അതിലെ പ്രസക്ത ഭാഗം.

ഭരണഘടന

5. 1110 തുലാം 27-നും 28-നും (1934 നവംബർ 12, 13) കൂടിയ അസോസിയേഷൻ കമ്മിറ്റിയോഗത്തിൽ പാസാക്കപ്പെട്ട ഭരണഘടനാ ബിൽ പൊതു അസോസിയേഷൻ യോഗത്തിൽ ആലോചനയ്ക്കെടുക്കുന്നതിനു മുമ്പായി ആ ബില്ലിനെ ഓരോ വകുപ്പായി വായിച്ച് വേണ്ട ഭേദഗതികൾ വരുത്തി അസോസിയേഷനിൽ സമർപ്പിക്കുന്നതിനായി മാനേജിംഗ് കമ്മിറ്റി അംഗങ്ങളും ഈ യോഗത്താൽ തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും ചേർന്ന് ഒരു സബ്ജെക്റ്റ് കമ്മിറ്റിയെ രൂപീകരിക്കണമെന്നും, ഈ കമ്മിറ്റി ഉച്ചഭക്ഷണത്തിനുശേഷം കൂടി ബില്ലിൽ വരുത്തേണ്ട ഭേദഗതികളോടുകൂടി അസോസിയേഷനിൽ സമർപ്പിക്കണമെന്നും ഇ. ജെ. പീലിപ്പോസ് അവർകൾ അഭിപ്രായപ്പെടുകയും പി. എം. മാമ്മൻ അവർകൾ (വേങ്ങൽ ബഥനി പള്ളി) പിൻതാങ്ങുകയും യോഗം അംഗീകരിയ്ക്കുകയും ചെയ്തതനുസരിച്ച് യോഗത്തിൽ നിന്നും താഴെ പേർ പറയുന്ന പ്രതിപുരുഷന്മാരെ തിരഞ്ഞെടുത്തു. യോഗം ഉച്ചഭക്ഷണത്തിനായി ഒരു മണിയോടു കൂടെ പിരിഞ്ഞു.

Subjects Committee

1. സി. വി. ഇയ്യു, കുന്നംകുളം, 2. പി. സി. കുഞ്ഞാത്തു, കുന്നംകുളം, 3. കെ. എം. ജോർജ്ജ്, വക്കീൽ പുത്തൻകാവ്, 4. ജോൺ ജേക്കബ്, Retd. Sanitary Officer, 5. തറയിൽ കുഞ്ഞുവർക്കി, ആമ്പല്ലൂർ, 6. ചെമ്പകശ്ശേരിൽ ദത്തോസ് ഈശോ, പുതുപ്പള്ളി, 7. സി. എം. ജോൺ എം. എ., പുലിയൂർ, 8. പി. എം. മാമ്മൻ, തിരുവല്ല, 9. സി. ജി. വർഗീസ് B.A, L.T., തിരുവല്ല, 10. ഇ. റ്റി. തോമസ് M.A, L.T., തിരുവനന്തപുരം, 11. കെ. എ. ഫിലിപ്പ് B.A, L.T., കോഴഞ്ചേരി, 12. പി. വി. വർഗീസ് B.A, L.T., ചെങ്ങന്നൂർ, 13. സി. റ്റി. കോശി മുതലാളി, അടൂർ, 14. വി. ജി. ജോർജ്ജ് B.A, L.T., കൈപ്പെട്ടൂർ, 15. കെ. എം. ഫിലിപ്പ് വക്കീൽ, വഞ്ചിത്ര, 16. റ്റി. ജോസഫ് B.A. തിരുവനന്തപുരം, 17. പി. ജേക്കബ് കുര്യൻ, മാവേലിക്കര, 18. കെ. ഐ. വർഗീസ് മാപ്പിള, ചെന്നിത്തല, 19. കെ. വി. ചാക്കോ M.A, L.T., പുത്തൻകാവ്, 20. കെ. എൻ. ചാക്കോ, വക്കീൽ ചങ്ങനാശ്ശേരി, 21. എൻ. ജി. കുര്യൻ M.A, B.D., പത്തനംതിട്ട, 22. കെ. എം. മാത്തുള്ള മാപ്പിള, ഉമയാറ്റുകര, 23. പി. കെ. ചാക്കോ B.A. കോട്ടയം, 24. റ്റി. എസ്. വർഗീസ് B.A, L.T., അയിരൂർ, 25. എം. എം. എബ്രഹാം, കോട്ടയം, 26. ജോർജ്ജ് ജോസഫ്, കോട്ടയം, 27. കെ. എം. വർഗീസ് മാപ്പിള, കോട്ടയം, 28. എം. വി. വർഗീസ് B.A, L.T., പുതുപ്പള്ളി, 29. കെ. എം. സഖറിയ M.A, L.T., പള്ളം, 30. റ്റി. ഒ. കോശി വൈദ്യൻ B.D., തേവലക്കര, 31. വി. എ. വർഗീസ് B.A, L.T., മല്ലപ്പള്ളി, 32. സി. ഐ. നൈനാൻ B.A, L.T., മാവേലിക്കര, 33. പി. എം. ജേക്കബ്, തിരുവല്ല, 34. സി. ഒ. ഉമ്മൻ B.A., L.T., പുത്തൻകാവ്.

സബ്ജക്ട്സ് കമ്മിറ്റി ഒന്നര മണിക്കു മാർ ദീവന്നാസ്യോസ് സിമ്മനാരി ഹോളിൽത്തന്നെ കൂടുകയും എ. എം. വർക്കി അവർകളെ അഗ്രാസനരായി തിരഞ്ഞെടുക്കുകയും ഭരണഘടനാബിൽ ഓരോ വകുപ്പായി വായിച്ച് വേണ്ട ഭേദഗതി ചെയ്യുകയും ചെയ്തു.

അനന്തരം അസോസിയേഷൻ യോഗം വീണ്ടും നാലു മണിക്കു കൂടി.

6. സബ്ജക്ട്സ് കമ്മിറ്റിക്കാരാൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതികളോടുകൂടി ഭരണഘടനാ ബില്ലിനെ ഈ യോഗം പാസാക്കിയിരിക്കുന്നു എന്ന നിശ്ചയത്തെ ഇ. ജെ. പീലിപ്പോസ് അവർകൾ അവതരിപ്പിക്കുകയും ദിവ്യശ്രീ റ്റി. വി. ജോൺ കത്തനാർ അവർകൾ പിന്താങ്ങുകയും യോഗം ഐകകണ്ഠ്യേന പാസാക്കുകയും ചെയ്തു.

"ഭരണഘടന" അസോസിയേഷൻ ഐകകണ്ഠ്യേനെ പാസാക്കിയിരിക്കുന്നതിനാൽ ഇനിയും എപ്പിസ്ക്കോപ്പൽ സിനഡ് ഒരു നിശ്ചയം ചെയ്യുന്നതുവരെ എപ്പിസ്ക്കോപ്പൽ സിനഡും പരീക്ഷാർത്ഥം ഭരണഘടനാ നിബന്ധനകൾക്ക് അനുമതി നൽകിയിരിക്കുന്നതായി എപ്പിസ്ക്കോപ്പൽ സിനഡിന്റെ പ്രസിഡന്റ് എന്ന നിലയിൽ കാതോലിക്കാ ബാവാ തിരുമനസുകൊണ്ട് യോഗത്തിൽ പ്രഖ്യാപനം ചെയ്തു.

1958-ൽ സുപ്രീംകോടതി വിധിയോടെ അവസാനിച്ച ഒന്നാം സമുദായ കേസിൽ 64-ാം നമ്പറായി ഹാജരാക്കിയ 1934-ലെ അസോസിയേഷൻ മിനിട്സിന്റെ പ്രസക്ത ഭാഗങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഇവിടെയെങ്ങും *കൈയെഴുത്തുപ്രതി* കടന്നു വരുന്നില്ല.

മലങ്കരസഭാ ഭരണഘടനയുടെ തുടർ ഗതിവിഗതികൾ അറിയുവാനുള്ള ആധികാരിക രേഖ അസോസിയേഷൻ സെക്രട്ടറി കെ. എം. മാത്തൻ മാപ്പിള 1936-ൽ തിരുവല്ല നാഷണൽ പ്രിന്റിംഗ് പ്രസിൽ നിന്നും അച്ചടിച്ചു പ്രസിദ്ധീകരിച്ച *മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ 110 ധനു 11-ാംനു മുതൽ മിഥുനം 31-ാംനു വരയുള്ള കാലഘട്ടത്തിലെ റിപ്പോർട്ട്* ആണ്. ടി. നാലാം പുറത്ത് *മലങ്കര അസോസിയേഷൻ* യോഗം എന്ന ശീർഷകത്തിൽ, *...5. 110 തുലാം 27-ം 28-ം തീയതികളിൽ കൂടിയ അസോസ്യേഷൻ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ പാസാക്കപ്പെട്ട ഭരണഘടന ബിൽ ഓരോ വകുപ്പായി വായിച്ച് അംഗങ്ങളുടെ വിമർശനത്തിനു ശേഷം അവയെ ഐകകണ്ഠ്യേന പാസ്സാക്കി...* എന്നു ചേർത്തിരിക്കുന്നു. വീണ്ടും 15-16 പേജുകളിൽ ... *നമ്മുടെ ചിരകാല പ്രതീക്ഷയുടെ ഫലമായി സഭയ്ക്കു കാലോചിതമായി ഒരു ഭരണഘടന പാസാക്കി എന്നുള്ളത് റിപ്പോർട്ടു വർഷ*

ത്തിൽ നാം സാധിച്ചിട്ടുള്ള സംഗതികളിൽ പ്രധാനമായ ഒന്നാണ്. അവയെ പല ഇടവകകളും ഇതിനകം നടപ്പിൽ വരുത്തി ഇടവകകളുടെ ഭരണം ക്രമീകരിച്ചിട്ടുണ്ട്... എന്നും നിരീക്ഷിക്കുന്നു.

1935-ൽ മലയാള മനോരമ പ്രസിൽ അച്ചടിച്ചതും 1958-ലെ സുപ്രീംകോടതി കോൺസ്റ്റിസ്റ്റൂഷൻ ബഞ്ച് വിധിയോടെ പര്യവസാനിച്ച ഒന്നാം സമുദായക്കേസിൽ AM അക്കമായി ഹാജരാക്കുകയും ചെയ്ത അടിസ്ഥാന ഭരണഘടനയുടെ വിശദാംശങ്ങളും ഈ റിപ്പോർട്ടിലുണ്ട്. മലയാള മനോരമ പ്രസിൽ അച്ചടിച്ച സഭാ ഭരണഘടനയുടെ 1,000 കോപ്പികളെക്കുറിച്ചു 17-ാം പേജിലെ പരാമർശനം:

അഡ്വ. ഇ. ജെ. ഫീലിപ്പോസ്

> 100 കാലിക്കോ ബയന്റും 900 കടലാസു ബയന്റുമായി 1,000 ഭരണഘടനാ പുസ്തക പ്രതികൾ അച്ചടിക്കുകയുണ്ടായി. കാലിക്കോ ബയന്റു പ്രതികൾ കാതോലിക്കാ ബാവായിക്കും, മെത്രാപ്പോലീത്താമാർക്കും, സെക്രട്ടറി ഫണ്ടിലേയ്ക്കു സംഭാവന ചെയ്ത കമ്മിറ്റി അംഗങ്ങൾക്കും, വിതരണം ചെയ്തതു പോകെ - ബാക്കി പ്രതികൾ വില്പനയ്ക്കായി നീക്കി വെച്ചു. കടലാസു ബയന്റിൽ ഓരോ പള്ളിക്കും ഓരോ പ്രതി അയയ്ക്കുകയും നീക്കിയുള്ള പ്രതികൾ വില്പനയ്ക്കായി നീക്കി വെയ്ക്കുകയും ചെയ്തു. കാലിക്കോ ബയന്റു പ്രതി ഒന്നിന് മൂന്നണയും, കടലാസുബയന്റു പ്രതി ഒന്നിന് രണ്ടണയും വിലയാണ്. വില്പനയ്ക്കു ഏജന്റന്മാരായി മലയാള മനോരമ കമ്പനിയെയാണ് ഏർപ്പെടുത്തിയത്. ഏജന്റുമാർ മുഖാന്തിരവും മി. പി. എം. ജേക്കബ് മുഖാന്തിരവും പ്രതികൾ വിറ്റ് ഈടാക്കിയ സംഖ്യ സെക്രട്ടറിയുടെ ഫണ്ടിൽ വരവു വെച്ചിട്ടുണ്ട്. ബാക്കി പുസ്തക പ്രതികൾ മനോരമ കമ്പനിയിലും മി. പി. എം. ജേക്കബ് വശവും തുമ്പമൺ ഡിസ്ട്രിക്ട് സെക്രട്ടറിയായി നിയമിക്കപ്പെട്ടിരുന്ന ദിവ്യശ്രീ ശങ്കരത്തിൽ മാത്യൂസ് കത്തനാർ വശവും ഇരിപ്പുണ്ട്. അച്ചടിക്കപ്പെട്ട ഭരണഘടനയുടെ വിതരണവും വില്പനയും നീക്കിയിരിപ്പും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഇനി ഭരണഘടനയെ സംബന്ധിച്ചു പ്രതിപാദിക്കുന്ന ടി. റിപ്പോർട്ടിലെ അനുബന്ധം 13:

കാലിക്കോ ബയന്റ്: - അച്ചടിച്ചത് 100 പ്രതി
കാതോലിക്കാ ബാവാ തിരുമേനിയ്ക്കു 2
3 മെത്രാപ്പോലീത്താ തിരുമേനിമാർക്കു 3
മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമേനിക്കു 1
അസോസിയേഷൻ സെക്രട്ടറിയുടെ ഫണ്ടിലേയ്ക്കു സംഭാവന ചെയ്ത മാനേജിംഗ് കമ്മിറ്റി അംഗങ്ങൾക്കു 49
വിറ്റതു: - (1) മി. പി. എം. ജെയിക്കബു വിറ്റതു 6
(2) മലയാള മനോരമയിൽ വിറ്റതു 8
നീക്കിയിരുപ്പു: - (1) സിക്രട്ടറിവശം 6
(2) മനോരമയിൽ 24
ആകെ 100 പ്രതി

പേപ്പർ ബയന്റു: അച്ചടിച്ചത് 900 പ്രതി
കാതോലിക്കാ ബാവാ തിരുമേനിയ്ക്കു 1
സമുദായ സെക്രട്ടറിക്കു 1
മി: ഇ. ജെ. പിലിപ്പോസിനു 1
Copy right റജിസ്റ്റർ ചെയ്യുവാൻ ഗവർമ്മെന്റിലേയ്ക്കു അയച്ചത് 2
പള്ളികൾക്കയച്ചതു 340
വിറ്റതു:- (1) മനോരമയിൽ 153
(2) മി. പി. എം. ജെയിക്കബു മുഖാന്തിരം 50
നീക്കിയിരിപ്പു:-
(1) മനോരമയിൽ 226
(2) ദിവ്യശ്രീ ശങ്കരത്തിൽ മത്തായി കത്തനാർ വശം 24
(3) മി. പി. എം. ജെയിക്കബു വശം 6
(4) സമുദായ സെക്രട്ടറി വശം 90

ആകെ 900

ഇത്രയും കൃത്യമായ വിവരമാണ് 1934 ഡിസംബർ 26-നു പാസാക്കിയ സഭാ ഭരണഘടനയുടെ മലയാള മനോരമയിൽ അച്ചടിച്ച കോപ്പികളെപ്പറ്റി ഭരണഘടന നിലവിൽവന്ന 1934 ഡിസംബർ 26 മുതൽ 1936 ജൂലൈ 14

വരെയുള്ള കാലത്തെ അച്ചടിച്ചു പ്രസിദ്ധീകരിച്ച ഔദ്യോഗിക റിപ്പോർട്ടിലുള്ളത്. ഇവിടൊരിടത്തും കയ്യെഴുത്തു പ്രതികളെപ്പറ്റി പരാമർശനമില്ല.

1934-ൽ പാസാക്കി, 1935-ൽ മലയാള മനോരമ പ്രസിൽ അച്ചടിച്ച് വിതരണം ചെയ്യുകയും, ഒന്നാം സമുദായ ക്കേസിൽ കോടതിയിൽ ഹാജരാക്കുകയും ചെയ്ത മലങ്കരസഭാ ഭരണഘടനയുടെ ആദ്യ വകുപ്പുകൾ ഇവിടെ ഉദ്ധരിക്കുന്നത് പ്രസക്തമാണ്:

1. മലങ്കരസഭ - ഓർത്തഡോക്സ് സുറിയാനി സഭയുടെ ഒരു വിഭാഗവും, ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ പാത്രിയർക്കീസും ആകുന്നു.

2. മലങ്കരസഭ - മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായതും, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയിൽ ഉൾപ്പെട്ടതും, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ കാതോലിക്കായും ആകുന്നു.

ചുരുക്കത്തിൽ 1951-ൽ നിയമാനുസൃതം സഭാ ഭരണഘടന ഒന്നാം വകുപ്പിലെ *പാത്രിയർക്കീസ്* എന്നത് ഭേദഗതി ചെയ്ത് *അന്ത്യോഖ്യാ പാത്രിയർക്കീസ്* എന്ന് ആക്കാതെ ഇരുന്നെങ്കിൽ ഇന്ന് *കാപ്പിക്കാനോൻ* പ്രണേതാക്കൾക്ക് മിണ്ടാട്ടത്തിനു അവസരം പോലും ഉണ്ടാകുമായിരുന്നില്ല.

ഇന്ത്യയുടെ ഭരണഘടനാ നിർമ്മാണ സമിതിയിലെ പതിനായിരക്കണക്കിനു പേജുകളിൽ നിരന്നുകിടക്കുന്ന ചർച്ചകൾ ഇന്നു പുരാരേഖാ സഞ്ചയത്തിലാണ്. ഗവേഷകർക്കു മാത്രമാണ് അവ ഇന്ന് പ്രസക്തമാകുന്നത്. ഒരർത്ഥത്തിൽ 1950 ജനുവരി 26-നു പ്രാബല്യത്തിൽ വന്ന ഇന്ത്യൻ ഭരണഘടനയുടെ സ്ഥിതിയും ഏതാണ്ട് അപ്രകാരമാണ്. 2019-ൽ ഏറ്റവും അവസാനം പാസാക്കിയ ഭരണഘടനാ ഭേദഗതി ഉൾപ്പെടുത്തി ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്നതാണ് ഇന്ത്യൻ ഭരണഘടനയുടെ ഇന്നത്തെ ഒറിജിനൽ. അതേപോലെ നിലവിൽ അവസാനത്തെ ഭരണഘടനാ ഭേദഗതി - സ്ത്രീകൾക്ക് വോട്ടവകാശം നൽകുന്നത് - ഉൾപ്പെടുത്തി മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ സെക്രട്ടറി ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്നതാണ് ഇന്ന് മലങ്കരസഭയുടെ നിലവിലുള്ള ഒറിജിനൽ സഭാ ഭരണഘടന.

ഈ രേഖകളിൽ നിന്നും വിശകലനങ്ങളിൽ നിന്നും സുതാര്യമായ പ്രക്രിയയിലൂടെ ദീർഘകാല പരിശ്രമം കൊണ്ടാണ് മലങ്കരസഭാ ഭരണഘടന ജന്മമെടുത്തതെന്നു വ്യക്തമാണ്. മെത്രാധിപത്യം, ജനാധിപത്യം എന്നീ വ്യത്യസ്തങ്ങളായ ചിന്താധാരകൾ സമന്വയിക്കുകയും ഏവർക്കും സമ്മതമായ ഒരു സമവായ സമവാക്യം രൂപംകൊള്ളുകയും ചെയ്യുന്ന ബിന്ദുവരെ ചർച്ചകൾ പല തലങ്ങളിൽ നടന്നു എന്നും വ്യക്തമാണ്. വിവിധഘട്ടങ്ങളിലെ നക്കൽ ഭരണഘടനകൾ അച്ചടിച്ച് ബന്ധപ്പെട്ടവർ കൈമാറി വിചിന്തനം ചെയ്തു. ഇവയുടെ എല്ലാം പരിസമാപ്തിയായി ആണ് 1934 ഡിസംബർ 26-ന് എം. ഡി. സെമിനാരിയിൽ അസോസിയേഷൻ കൂടി മാനേജിംഗ് കമ്മിറ്റി ശുപാർശ ചെയ്ത സഭാ ഭരണഘടനയിൽ വീണ്ടും ചില ഭേദഗതികളോടെ പാസാക്കിയത്. നാലു വർഷത്തിലധികം നീണ്ട ഒരു ദീർഘപ്രക്രിയ ആയിരുന്നു അത്.

നടപടിച്ചട്ടങ്ങൾ കൃത്യമായും പാലിച്ച് തികച്ചും സുതാര്യമായ പ്രക്രിയയിലൂടെ നിയമാനുസൃതം വിളിച്ചു ചേർത്ത അസോസിയേഷൻ പാസാക്കിയതിനാലും, ഉള്ളടക്കത്തിലെ സമഗ്രതയുമാണ് 1934-ൽ പാസാക്കിയ മലങ്കരസഭാ ഭരണഘടനയെ 1958, 1995, 2002, 2017 വർഷങ്ങളിൽ ഇന്ത്യൻ സുപ്രീംകോടതിയുടെ കോൺസ്റ്റിറ്റ്യൂഷൻ ബഞ്ച് അടക്കം അംഗീകരിച്ചതും മലങ്കരസഭയ്ക്ക് മുഴുവൻ ബാധകമാണെന്നു അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചതും.

മലങ്കരസഭാ ഭരണഘടന എന്തെന്നുപോലും മറിച്ചു നോക്കാതെ അതിനെ വിമർശിക്കുകയും, അതിന്റെ അസ്തിത്വത്തേയും ഉത്ഭവത്തേയും ചോദ്യം ചെയ്യുകയും പ. പരുമല തിരുമേനിയുടെ വാക്കുകൾ കടമെടുത്താൽ, ചില *കീറ്റക്രാസുകൾ* ഉയർത്തിക്കാട്ടി 1934 ഭരണഘടനയുടെ മൂലരേഖ എന്ന് അട്ടഹസിക്കുകയും ചെയ്യുന്ന വർത്തമാനകാല പ്രവണതയാണ് ഇത്തരമൊരു രേഖാധിഷ്ഠിത വിശകലനത്തിന് വഴിയൊരുക്കിയത്.